'ഭരണഭാഷ – മാതൃഭാഷ'

**കേരള സർക്കാർ**

ഇ 3/206/2022–എ.എച്ച്

മൃഗസംരക്ഷണ (ഇ)വകുപ്പ്
തിരുവനന്തപുരം, തീയതി: 20.02.2023

**<u>നോട്ടീസ്</u>**

മൃഗസംരക്ഷണ വകുപ്പിലെ മുൻ ജോയിന്റ് ഡയറക്ടറായിരുന്ന (വിരമിച്ച) ഡോ.ശ്രീധരൻ എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ താങ്കൾ കണ്ണൂർ എൽ.എം.റ്റി.സിയിലെ താത്ക്കാലിക അക്കൗണ്ടിൽ നിന്നും 19.08.2008–ൽ അഡ്വാൻസ് തുകയായി പിൻവലിച്ച 50,000/– രൂപയിൽ 35,000/– രൂപ അനധികൃതമായി കൈവശം വയ്ക്കുക വഴി പ്രസ്തുത തുക താങ്കളുടെ ബാധ്യതയായി തീരുമാനിച്ചിരുന്നു. ടി തുക താങ്കളുടെ ഡി.സി.ആർ.ജിയിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും ആയത് താങ്കളിൽ നിന്നും ഈടാക്കിയിട്ടില്ലായെന്നും ആറ്റിങ്ങൽ സബ്ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താങ്കൾ സർക്കാരിനുണ്ടാക്കിയ 35,000/– രൂപയുടെ സാമ്പത്തികനഷ്ടം താങ്കളുടെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിന് ബന്ധപ്പെട്ട് ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നതിന് സർക്കാർ താത്ക്കാലികമായി തീരുമാനിച്ച വിവരം അറിയിക്കുന്നതിലേക്കായി നോട്ടീസ് താങ്കളുടെ ലഭ്യമായിട്ടുള്ള മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആയത് താങ്കൾ കൈപ്പറ്റാതെ addressee not known എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ മേൽ വിഷയത്തിൻമേൽ താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്.

**പ്രണബ് ജ്യോതി നാഥ് ഐ എ എസ്**
**സെക്രട്ടറി**

മൃഗസംരക്ഷണ (ഇ) വകുപ്പ്

Window No lprd/.....................................................

സെക്രട്ടറി,
മൃഗസംരക്ഷണ വകുപ്പ്,
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയ 35,000/- രൂപ ഡോ.ശ്രീധരന്റെ ക്ഷാമാശ്വാസത്തിൽ നിന്നോ ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽനിന്നോ ഈടാക്കുന്നതിനുള്ള നടപടി ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം വിശദീകരണം സമർപ്പിക്കേണ്ടതാണ്.

---

വിശദ വിവരങ്ങൾക്കായി താഴെ പറയുന്ന വെബ് സൈറ്റ് സന്ദർശിക്കുക.
www. kerala.gov .in